ഉത്തരം

(എ) ഇല്ല

(ബി) ഈ റൂട്ടിൽ ബസ് സർവ്വീസ് ആരംഭിക്കണമെന്ന് ആവശ്യപ്പെട്ട് നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്. എന്നാൽ ബസ്സിന്റെയും ജീവനക്കാരുടെയും കുറവ് അനുഭവപ്പെടുന്നതിനാൽ ഇപ്പോൾ പരിഗണിക്കുവാൻ കഴിയില്ല.

**കോഴിക്കോട്-മൈസൂർ ദേശീയപാതയിലെ രാത്രികാല ഗതാഗതം**

115 (2214) ശ്രീ. പി. കൃഷ്ണപ്രസാദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയപാത 212, 67 എന്നിവയിൽ ഏർപ്പെടുത്തിയ രാത്രികാല ഗതാഗതം നീക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ ;

(ബി) ഇതു സംബന്ധിച്ച് സുപ്രീംകോടതിയിൽ കേരളം സമർപ്പിച്ചിട്ടുള്ള സത്യവാങ്മൂലത്തിന്റെ വിശദവിവരങ്ങളുടെ പകർപ്പ് ലഭ്യമാക്കുമോ ?

ഉത്തരം

(എ) ബന്ദിപ്പൂർ വന്യജീവി മേഖലയിലൂടെയുള്ള ഗതാഗത നിരോധനംമൂലം ഉണ്ടായിരിക്കുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കണമെന്നഭ്യർത്ഥിച്ചുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി കർണ്ണാടക മുഖ്യമന്ത്രിക്ക് കത്ത് അയയ്ക്കുകയും ഈ വിഷയം സംബന്ധിച്ച് കർണ്ണാടക ഹൈക്കോടതിയിൽ നിലവിലുള്ള കേസിൽ സംസ്ഥാന സർക്കാരും കെ.എസ്.ആർ.ടി.സി.യും കക്ഷിചേരുകയും ബഹു. കോടതി പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവ് പുനഃപരിശോധിക്കുന്നതിനായി പെറ്റിഷൻ ഫയൽ ചെയ്യുകയും, കർണ്ണാടക സർക്കാരുമായി ഇക്കാര്യം ചർച്ച ചെയ്യുന്നതിനായി ബഹു. ഗതാഗത വകുപ്പു മന്ത്രിയുടെ നേതൃത്വത്തിൽ സർവ്വകക്ഷി സംഘത്തെ ബാംഗ്ലൂരിലേക്ക് അയയ്ക്കുകയും ചെയ്തിരുന്നു. എന്നാൽ ബഹു. കർണ്ണാടക ഹൈക്കോടതി പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവിൽ ഇക്കാര്യത്തിൽ നിലവിലുള്ള സ്റ്റേ നീക്കം ചെയ്യുന്നതിന് തയ്യാറായില്ല.

രാത്രികാല ഗതാഗതം പുനഃസ്ഥാപിക്കുന്നതിനു വേണ്ടി 10-3-2010-ലെ മന്ത്രിസഭായോഗ തീരുമാനപ്രകാരം സുപ്രീം കോടതിയിൽ അപ്പീൽ ഫയൽ ചെയ്തു. ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിനെ ഇടപെടുത്തുന്നതിനായി മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുള്ള സർവ്വകക്ഷി സംഘം 5-5-2010-ൽ ബഹു. പ്രധാനമന്ത്രിക്ക് നിവേദനം സമർപ്പിച്ചു. രാത്രി സമയത്ത് കോൺവോയ് അടിസ്ഥാനത്തിൽ വാഹന ഗതാഗതം നടത്തുന്നതിനുള്ള സാദ്ധ്യതകളെക്കുറിച്ച് കേരള സർക്കാരും കർണ്ണാടക സർക്കാരും പരിശോധിക്കുവാൻ ബഹു. സുപ്രീം കോടതി ഇടക്കാല ഉത്തരവിൽ നിർദ്ദേശിച്ചിതിനെത്തുടർന്ന് ഇപ്രകാരം കോൺവോയ് അടിസ്ഥാനത്തിൽ വാഹന ഗതാഗതത്തിനുള്ള അംഗീകാരം നൽകണമെന്നഭ്യർത്ഥിച്ചുകൊണ്ട് ചീഫ് സെക്രട്ടറി

LIBRARY ARCHIVES Kerala Legislative Assembly

കർണ്ണാടക ചീഫ് സെക്രട്ടറിയ്ക്ക് കത്തയച്ചു. ഇക്കാര്യം ശ്രദ്ധയിൽപ്പെടുത്തി ബഹു. മുഖ്യമന്ത്രി കർണ്ണാടക മുഖ്യമന്ത്രിക്ക് കത്ത് അയയ്ക്കുകയുണ്ടായി. കൂടാതെ ഇക്കാര്യത്തിൽ അനുകൂല തീരുമാനത്തിനായി ഗതാഗത വകുപ്പ് മന്ത്രിയും ഗതാഗത വകുപ്പ് സെക്രട്ടറിയും കർണ്ണാടക മുഖ്യമന്ത്രിയെ 7-7-2010-ൽ സന്ദർശിച്ച് ചർച്ച നടത്തി.

ഇപ്പോൾ ഈ വിഷയം സുപ്രീം കോടതിയുടെ പരിഗണനയിലാണ്.

(ബി) അനുബന്ധമായി വച്ചിരിക്കുന്നു.*

**പുതുതായി അനുവദിച്ച ജോയിന്റ് ആർ.ടി. ഓഫീസുകൾ തുടങ്ങുവാൻ നടപടി**

**116 (2218)** ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മോട്ടോർ വാഹന വകുപ്പിൽ പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതൊക്കെയെന്ന് വെളിപ്പെടുത്തുമോ ;

(ബി) സംസ്ഥാനത്ത് പുതുതായി അനുവദിച്ച ജോയിന്റ് ആർ.ടി. ഓഫീസുകൾ എത്രയെണ്ണം ഉദ്ഘാടനം കഴിഞ്ഞു എന്നത് വ്യക്തമാക്കുമോ ; ഇല്ലെങ്കിൽ എപ്പോൾ ഉദ്ഘാടനം ചെയ്യും എന്നത് തീരുമാനിച്ചിട്ടുണ്ടോ ;

(സി) പുതുതായി അനുവദിച്ച ജോയിന്റ് ആർ.ടി.ഓഫീസുകളിൽ ജീവനക്കാരെ നിയമിക്കുന്നത് സംബന്ധിച്ച് തീരുമാനം എടുത്തിട്ടുണ്ടോ ?

**ഉത്തരം**

(എ) ഉണ്ട്. 13-12-2010-ലെ സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 83/2010/ ഗതാഗതം പ്രകാരം താഴെ പറയുന്ന 50 തസ്തികകൾ സൃഷ്ടിച്ച് ഉത്തരവായിട്ടുണ്ട്.

ജോയിന്റ് റീജിയണൽ ഓഫീസർ-5

മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ-5

അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ-10

ഹെഡ് അക്കൗണ്ടന്റ്-5

ലോവർ ഡിവിഷൻ ക്ലാർക്ക്-10

ടൈപ്പിസ്റ്റ്-5

പ്യൂൺ-10

(ബി) ഉദ്ഘാടനം ചെയ്തിട്ടില്ല. ഉദ്ഘാടന തീയതി സംബന്ധിച്ച തീരുമാനമായിട്ടില്ല.

(സി) ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടികൾ തുടങ്ങിയിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly